**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3969** **15-07-2022 - ൽ മറുപടിയ്ക്ക്**

**മുൻഗണനാ റേഷൻ കാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | അർഹതയുണ്ടായിട്ടും നിരവധി പേർക്ക് മുൻഗണനാ റേഷൻകാർഡ് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ച് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തേണ്ടവരുടെ എണ്ണം 1,54,80,040 ആണ്. ആയതിനാൽ അർഹരായ മുഴുവൻ പേരെയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ നിർവ്വാഹമില്ല. |
| (ബി) | വീടിന് 1000 സ്ക്വയർ ഫീറ്റിൽ കൂടുതൽ വിസ്തീർണ്ണം ഉണ്ടെന്ന കാരണത്താൽ മുൻഗണനാ റേഷൻ കാർഡ് ലഭിക്കാത്ത വിധവകളായവരുടെ റേഷൻ കാർഡ് മുൻഗണനാ റേഷൻ കാർഡായി മാറ്റി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | നിർദ്ധനയും നിരാലംബയുമായ സ്ത്രീ ഗൃഹനാഥയായ കുടുംബം, വിധവ ഗൃഹനാഥയായ (21 വയസ്സിന് മുകളിൽ പ്രായമായ പുരുഷൻമാർ ഇല്ലാത്ത) കുടുംബങ്ങൾ, അവിവാഹിതയായ അമ്മ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീ എന്നിവരാൽ നയിക്കപ്പെടുന്ന കുടുംബങ്ങൾ എന്നിവരുടെ അപേക്ഷകൾ പരിശോധിച്ച് യോഗ്യതയുണ്ടെങ്കിൽ പട്ടികയിൽ ഉൾപ്പെടുത്തി മുൻഗണനാ റേഷൻ കാർഡുകൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ